സൂറഃ-7

# അൽ അഅ്റാഫ്

138. ഇസ്രാഈൽവംശത്തെ നാം കടൽകടത്തിക്കൊടുത്തു. തുടർന്ന് സഞ്ചരിക്കവെ, വിഗ്രഹങ്ങളെ ഭജിക്കുന്ന ഒരു സമുദായത്തിലൂടെ കടന്നുപോയപ്പോൾ അവർ പറഞ്ഞു: അല്ലയോ മൂസാ, ഇക്കൂട്ടർക്ക് ആരാധ്യരുള്ളതുപോലെ ഞങ്ങൾക്കും ഒരാരാധ്യനെ പ്രതിഷ്ഠിച്ചുതരൂ. മൂസാ അവരോട് ഉദ്ബോധിപ്പിച്ചു: നിങ്ങൾ പറയുന്നത് മഹാ വിഡ്ഢിത്തംതന്നെ.
139. ഇക്കൂട്ടരോ, നശിക്കാനുള്ളവരാകുന്നു. അവർ ചെയ്യുന്നത് തികഞ്ഞ മിഥ്യയുമാകുന്നു.
140. മൂസാ തുടർന്നു: ഞാൻ, അല്ലാഹുവല്ലാത്ത മറ്റൊരാരാധ്യനെ നിങ്ങൾക്കുവേണ്ടി അന്വേഷിക്കണമെന്നോ, നിങ്ങളെ ലോകജനതകളിൽ ശ്രേഷ്ഠരാക്കിയതവനായിരിക്കെ?
141. അല്ലാഹു അരുൾചെയ്യുന്നു: നാം നിങ്ങളെ ഫറവോനികളിൽനിന്ന് രക്ഷിച്ചതോർക്കുവിൻ. നിങ്ങളെ കൊടൂരമായി പീഡിപ്പിക്കുകയും നിങ്ങളുടെ ആൺമക്കളെ കൊന്നൊടുക്കുകയും പെണ്ണുങ്ങളെ മാത്രം ജീവിക്കാൻ വിടുകയുമായിരുന്നുവല്ലോ അവരുടെ നടപടി. അതിൽ തീർച്ചയായും നിങ്ങൾക്ക് വിധാതാവിങ്കൽനിന്നുള്ള ഭയങ്കരമായ പരീക്ഷണമുണ്ടായിരുന്നു.

وَجَٰوَزۡنَا بِبَنِيٓ إِسۡرَٰٓءِيلَ ٱلۡبَحۡرَ فَأَتَوۡاْ عَلَىٰ قَوۡمٖ يَعۡكُفُونَ عَلَىٰٓ أَصۡنَامٖ لَّهُمۡۚ
قَالُواْ يَٰمُوسَى ٱجۡعَل لَّنَآ إِلَٰهٗا كَمَا لَهُمۡ ءَالِهَةٞۚ قَالَ إِنَّكُمۡ قَوۡمٞ تَجۡهَلُونَ
١٣٨
إِنَّ هَٰٓؤُلَآءِ مُتَبَّرٞ مَّا هُمۡ فِيهِ وَبَٰطِلٞ مَّا كَانُواْ يَعۡمَلُونَ ١٣٩
قَالَ أَغَيۡرَ ٱللَّهِ أَبۡغِيكُمۡ إِلَٰهٗا وَهُوَ فَضَّلَكُمۡ عَلَى ٱلۡعَٰلَمِينَ
١٤٠
وَإِذۡ أَنجَيۡنَٰكُم مِّنۡ ءَالِ فِرۡعَوۡنَ يَسُومُونَكُمۡ سُوٓءَ ٱلۡعَذَابِۖ
يُقَتِّلُونَ أَبۡنَآءَكُمۡ وَيَسۡتَحۡيُونَ نِسَآءَكُمۡۚ وَفِي ذَٰلِكُم بَلَآءٞ
مِّن رَّبِّكُمۡ عَظِيمٞ ١٤١

കടൽ = ٱلۡبَحۡرَ ഇസ്രാഈൽ വംശത്തെ = بِبَنِيٓ إِسۡرَٰٓءِيلَ നാം കടത്തി(ക്കൊടുത്തു) = وَجَٰوَزۡنَا
ഒരു സമുദായത്തിലൂടെ = عَلَىٰ قَوۡمٖ അപ്പോൾ അവർ ചെന്നു (കടന്നുപോയപ്പോൾ) = فَأَتَوۡاْ
അവർക്കുള്ളതായ = لَّهُمۡۚ വിഗ്രഹങ്ങൾക്ക് = عَلَىٰٓ أَصۡنَامٖ അവർ ഭജനമിരിക്കുന്നു(ന്ന) = يَعۡكُفُونَ
നീ ഞങ്ങൾക്ക് ആക്കുക (പ്രതിഷ്ഠിച്ചുതരൂ) = ٱجۡعَل لَّنَآ അല്ലയോ മൂസാ = يَٰمُوسَى അവർ പറഞ്ഞു = قَالُواْ
ദൈവങ്ങൾ (ആരാധ്യർ) = ءَالِهَةٞۚ അവർക്ക് (ഇക്കൂട്ടർക്ക്) ഉള്ളതുപോലെ = كَمَا لَهُمۡ ഒരു ദൈവത്തെ (ആരാധ്യനെ) = إِلَٰهٗا
നിങ്ങൾ = إِنَّكُمۡ അദ്ദേഹം (മൂസാ) പറഞ്ഞു (ഉദ്ബോധിപ്പിച്ചു) = قَالَ
വിഡ്ഢിത്തം, അവിവേകം അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ജനമാകുന്നു (പറയുന്നത് മഹാ വിഡ്ഢിത്തമാകുന്നു) = قَوۡمٞ تَجۡهَلُونَ
അവർ ഏതിലാണോ ഉള്ളത് അതിൽ നശിക്കുന്ന(ക്കാനുള്ളവ)രാകുന്നു = مُتَبَّرٞ مَّا هُمۡ فِيهِ ഇക്കൂട്ടർ(രോ) = إِنَّ هَٰٓؤُلَآءِ
അവർ ചെയ്തുകൊണ്ടിരിക്കുന്നത് = مَّا كَانُواْ يَعۡمَلُونَ (തികഞ്ഞ) മിഥ്യ, അസത്യം ആകുന്നു = وَبَٰطِلٞ
അല്ലാഹുവല്ലാത്ത (മറ്റൊരു)വനെയോ = أَغَيۡرَ ٱللَّهِ അദ്ദേഹം (മൂസാ) പറഞ്ഞു = قَالَ
ദൈവമായി, ആരാധ്യനായി = إِلَٰهٗا ഞാൻ നിങ്ങൾക്കു വേണ്ടി അന്വേഷിക്കുക(ക്കണമെന്നോ) = أَبۡغِيكُمۡ

وَهُوَ = അവൻ (ആയിരിക്കെ) فَضَّلَكُمْ = നിങ്ങളെ ശ്രേഷ്ഠരാക്കി(യത്) عَلَى ٱلْعَـٰلَمِينَ = ലോകജനങ്ങളുടെ മേൽ(ളിൽ)

وَإِذْ = ഓർക്കുവിൻ (അല്ലാഹു അരുൾ ചെയ്യുന്നു) أَنجَيْنَـٰكُم = നാം നിങ്ങളെ രക്ഷപ്പെടുത്തി(യത്)

مِّنْ ءَالِ فِرْعَوْنَ = ഫറവോനികളിൽനിന്ന്

يَسُومُونَكُمْ سُوٓءَ ٱلْعَذَابِ = അവർ നിങ്ങളെ മോശമായി ശിക്ഷ അനുഭവിപ്പിക്കുന്നു(കൊടൂരമായി പീഡിപ്പിക്കുകയും)

يُقَتِّلُونَ = കൊന്നൊടുക്കുകയും أَبْنَآءَكُمْ = നിങ്ങളുടെ ആൺമക്കളെ وَيَسْتَحْيُونَ = ജീവിപ്പിക്കു(ക്കാൻ വിടു)കയുമായിരുന്നു

نِسَآءَكُمْ = നിങ്ങളുടെ പെണ്ണുങ്ങളെ وَفِى ذَٰلِكُم = അതിൽ തീർച്ചയായും (ഉണ്ടായിരുന്നു)

بَلَآءٌ = പരീക്ഷണം مِّن رَّبِّكُمْ = തങ്ങളുടെ വിധാതാവിങ്കൽനിന്ന് عَظِيمٌ = ഭയങ്കരമായ

**138,139:** മൂസാ(അ)യും സംഘവും ഈജിപ്തിൽനിന്ന് രക്ഷപ്പെട്ട ശേഷമുള്ള ചരിത്രമാണ് ഇവിടം മുതൽ പ്രതിപാദിക്കുന്നത്. അവർ ചെങ്കടൽ മുറിച്ചുകടന്നതെങ്ങനെയെന്ന് നേരത്തേ സൂറഃ *അൽബഖറ* 50-ാം സൂക്തത്തിൽ വിശദീകരിച്ചിരിക്കുന്നു. *യൂനുസ്, ത്വാഹാ, അശ്ശുഅറാഅ്, അദ്ദുഖാൻ* തുടങ്ങിയ സൂറകളിൽ ഇനിയും അതിന്റെ പ്രതിപാദനം വരുന്നുമുണ്ട്. അത്ര വലിയ ദൈവാനുഗ്രഹം അനുഭവിച്ച ഉടനെ പോലും അവർ കാണിച്ച നന്ദികേടും ധിക്കാരവും ചൂണ്ടിക്കാണിക്കുകയാണിവിടെ. ഇന്നത്തെ ഇസ്മാഈലിയ്യാ പട്ടണത്തിനടുത്ത് കൂടിയാവാം ഇസ്രാഈല്യർ ചെങ്കടൽ മുറിച്ചുകടന്നതെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. മറുകര സീനായ് പ്രദേശമാണ്. അതിന്റെ ഉത്തര-പശ്ചിമ ഭാഗങ്ങൾ അക്കാലത്ത് ഈജിപ്തിന്റെ കീഴിൽ തന്നെയായിരുന്നു. അതുകൊണ്ട് സിനായ് തീരത്തുനിന്ന് തെക്കോട്ടായിരിക്കണം അവർ സഞ്ചരിച്ചത്. ഈ യാത്രയിലാണ് ഇസ്രാഈല്യർ വിഗ്രഹാരാധക സമൂഹത്തെ കണ്ടുമുട്ടിയത്. തെക്കൻ സീനായിൽ അന്ന് ഈജിപ്തുകാരുടെ നിയന്ത്രണത്തിൽ ചെമ്പിന്റെയും വജ്രത്തിന്റെയും ധാരാളം ഖനികളുണ്ടായിരുന്നുവെന്നും ഈ ഖനികളുമായി ബന്ധപ്പെട്ട് താവളമടിച്ചിരുന്ന ഖിബ്ത്വികളെയാണവർ കണ്ടുമുട്ടിയതെന്നും മൗലാനാ മൗദൂദി ഉൾപ്പെടെ പല മുഫസ്സിറുകളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇസ്രാഈല്യർ കണ്ടുമുട്ടിയത് ലഖ്മ്, ജൂദാം എന്നീ അറബ് ഗോത്രങ്ങളെയായിരുന്നുവെന്നും അവർ ഗോപൂജകരായിരുന്നുവെന്നും അതിൽനിന്നാണ് സാമിരിക്ക് ഗോ വിഗ്രഹമുണ്ടാക്കി പ്രതിഷ്ഠിക്കാൻ പ്രചോദനം ലഭിച്ചതെന്നുമാണ് താബിഈ പണ്ഡിതന്മാരായ ഖതാദ, ജുവൈനി, ഇബ്നുജുറൈജ് തുടങ്ങിയവർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

പലായനത്തിനു മുമ്പ് ഏതാണ്ട് മുപ്പതു കൊല്ലക്കാലം മൂസാ(അ) ഈജിപ്തിൽതന്നെ സ്വജനത്തെയും ദേശീയരെയും ഏകദൈവസിദ്ധാന്തം പഠിപ്പിക്കുകയായിരുന്നു. ആ സിദ്ധാന്തം സത്യമാണെന്ന് തെളിയിക്കുന്ന നിരവധി ദൃഷ്ടാന്തങ്ങളും അദ്ദേഹം കാണിച്ചു. ഒടുവിൽ മൂസാ(അ) പരിചയപ്പെടുത്തിയ അല്ലാഹുവിന്റെ കാരുണ്യം അത്യത്ഭുതകരമായ മാർഗത്തിലൂടെ ഫറവോന്റെ അടിമത്തത്തിൽനിന്ന് ഇസ്രാഈല്യരെ രക്ഷപ്പെടുത്തി. ഇതൊക്കെയായിട്ടും ഗോപൂജകരെ കണ്ടപ്പോൾ അല്ലാഹുവിനെ കൂടാതെ ആരാധിക്കാൻ അതുപോലൊരു വിഗ്രഹം തങ്ങൾക്കും വേണമെന്നാവശ്യപ്പെടുകയാണവർ. തൗഹീദ്-ഏകദൈവവിശ്വാസം- ഇനിയും അതിന്റെ ശരിയായ അർഥത്തിൽ ഉൾക്കൊള്ളാൻ ഇസ്രാഈലീസമൂഹത്തിന്റെ പൊതുമനസ്സിന് കഴിഞ്ഞിരുന്നില്ല എന്നതാണതിന്റെ മുഖ്യ കാരണം. നൂറ്റാണ്ടുകളായി ഖിബ്ത്വികളുടെ അടിമകളായി കഴിഞ്ഞുകൂടിയ ആ സമൂഹത്തെ അവരുടെ വിശ്വാസാചാരങ്ങളും സംസ്കാരവും അത്രമേൽ സ്വാധീനിച്ചിരുന്നു. കീഴടക്കപ്പെട്ടവർ ജേതാക്കളുടെ സംസ്കാരത്തിലും സമ്പ്രദായങ്ങളിലും ആകൃഷ്ടരാവുക സാധാരണമാണ്. സ്വന്തം പരാജയത്തിനു കാരണം സ്വന്തം സംസ്കാരത്തിന്റെ ന്യൂനതയും ജേതാക്കളുടെ വിജയത്തിനു കാരണം അവരുടെ സംസ്കാരത്തിന്റെ മികവുമാണെന്ന് കീഴടക്കപ്പെട്ടവർ ധരിച്ചുവശാവുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ പാശ്ചാത്യ കോളനികളായിരുന്ന ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെല്ലാം പാശ്ചാത്യ സംസ്കാരം മഹത്വവത്കരിക്കപ്പെടുന്നതും അനുകരിക്കപ്പെടുന്നതും അതുകൊണ്ടാണ്. വളരെ കഷ്ടപ്പെട്ട് ഖിബ്ത്വികളുടെ അടിമത്തത്തിൽനിന്ന് മോചിതരായെങ്കിലും ഖിബ്ത്വികളുടെ വിശ്വാസാചാരങ്ങളും സമ്പ്രദായങ്ങളും തന്നെയാണ് പുരോഗതിയുടെയും പ്രതാഭത്തിന്റെയും ചിഹ്നങ്ങളും നിദാനങ്ങളുമെന്ന ഭ്രമം അവരിൽ നിലനിന്നു. അവരുടെ ശരീരങ്ങൾ മാത്രമേ ഖിബ്ത്വി ആധിപത്യത്തിൽനിന്ന് മോചിതമായുള്ളൂ, മനസ്സുകൾ മോചിതമായില്ല. സ്വാതന്ത്ര്യം നേടിയ മിക്ക കോളനി സമൂഹങ്ങളുടെയും അവസ്ഥ ഇപ്പോഴും ഇതുതന്നെയാണ്. പഴയ യജമാനന്മാരുടെ സംസ്കാരത്തിലേക്കുള്ള മടങ്ങിപ്പോക്ക് അവരുടെ അടിമത്തത്തിലേക്കുതന്നെയുള്ള മാനസികമായ തിരിച്ചുപോക്കാണെന്ന് അവരോർക്കാറില്ല. ഇസ്രാഈല്യരുടെ ആവശ്യം നിരാകരിച്ചുകൊണ്ട് മൂസാ നബി, അല്ലാഹു ഇസ്രാഈല്യരെ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാക്കിയതും, ഫറവോനികളിൽനിന്ന് രക്ഷിച്ചതും അനുസ്മരിക്കുന്നത് ഈ പശ്ചാത്തലത്തിൽ ഏറെ അർഥവത്താകുന്നു. ആദർശപരമായ ഇത്തരം തിരിച്ചുപോക്കുകൾ എത്ര ഗുരുതരവും അപലപനീയവുമായ പാതകമാണെന്ന് മൂസാ നബിയുടെ ഈ പ്രതികരണം വ്യക്തമാക്കിത്തരുന്നുണ്ട്.

അനുകരണവികാരം മനുഷ്യസഹജമാണ്. കൗതുകങ്ങൾ കണ്ടാൽ അവൻ അതനുകരിക്കാൻ തൽപരനാകുന്നു. കാര്യത്തിന്റെ ഗൗരവം പൂർണമായി ഉൾക്കൊണ്ടിട്ടാവണമെന്നില്ല ഈ താൽപര്യം. ഈജിപ്ത് വിട്ട ഇസ്രാഈല്യർ സീനായിലൂടെ സഞ്ചരിക്കവെ വിഗ്രഹങ്ങളെ ആരാധിക്കുന്ന ചില ഗോത്രങ്ങളെ കണ്ടപ്പോൾ അവർക്കു തോന്നി; വിഗ്രഹാരാധന ഖിബ്ത്വികളുടേതു മാത്രമല്ല, ലോകത്തെല്ലാവരും അത് ചെയ്യുന്നുണ്ട്. അദൃശ്യനായ ദൈവത്തിലേക്കെത്താൻ ഇങ്ങനെ ചില മാധ്യമങ്ങളും പ്രതീകങ്ങളുമുണ്ടാകുന്നത് നല്ലതാണ്. അതുകൊണ്ട് നമുക്കും വേണം ഒരു പ്രതിഷ്ഠ. ദൈവത്തിന്റെ കൺമുമ്പിലിരുന്ന് അവനെ നേരിട്ട് കണ്ട് പ്രാർഥിക്കുന്ന സുഖം കിട്ടുമല്ലോ. ഇതല്ലാതെ ബഹുദൈവവിശ്വാസികൾ ആരാധിക്കുന്ന വിഗ്രഹങ്ങൾ സാക്ഷാൽ ദൈവങ്ങളാണെന്ന് ഇസ്രാഈല്യർ വിശ്വസിച്ചിരുന്നില്ല. സാക്ഷാൽ പരമേശ്വരന്നു താഴെയുള്ള, അവനുമായി ഭക്തജനത്തെ അടുപ്പിക്കുന്ന മാധ്യമമായി വർത്തിക്കുന്ന ഒരാരാധ്യ ബിംബത്തെയാണവർ പ്രവാചകനോടാവശ്യപ്പെട്ടത്. ബഹുദൈവ വിശ്വാസികൾതന്നെ വിഗ്രഹങ്ങളെ സാക്ഷാൽ ദൈവങ്ങളായി കരുതുന്നില്ല എന്നതാണ് വാസ്തവം. مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ (ഈ വിഗ്രഹങ്ങൾ ഞങ്ങളെ അല്ലാഹുവിലേക്ക് അൽപം അടുപ്പിക്കാൻ വേണ്ടി മാത്രമാകുന്നു ഞങ്ങളവയെ ആരാധിക്കുന്നത്- 39:3) എന്നായി

രുന്നു കൊടിയ മുശ്‌രിക്കുകളായ ജാഹിലീ അറബികൾ പോലും വാദിച്ചിരുന്നത്. ഏകദൈവവിശ്വാസത്തിൽ ബഹുദൈവത്വം കലർത്താൻ ഏറ്റവും ഉചിതമായ മാർഗമായി ചെകുത്താൻ എന്നും അവലംബിക്കാറുള്ളത് ഈ വാദം തന്നെയാണ്. استغاثة – توسل (സഹായാർഥന-ഇടതേട്ടം) എന്നീ പേരുകളിൽ മുസ്‌ലിംകളിൽ ചിലർ അനുവർത്തിച്ചുവരുന്ന ബഹുദൈവത്വ സമ്പ്രദായങ്ങൾ ഇതേ വാദത്തിലൂടെയാണ് ന്യായീകരിക്കപ്പെടുന്നത്.

اَجْعَل لَّنَآ إِلَـٰهًا كَمَا لَهُمْ ءَالِهَةٌ എന്നതിന് 'അവർക്ക് ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക' എന്നും അർഥമാവാം. എന്നാൽ ഇസ്രാഈല്യർ ദൈവം ഇല്ലാത്തവരായിരുന്നില്ല. ആരാധിക്കാൻ ഒരു മൂർത്തിയാണവർക്കില്ലാതിരുന്നത്. അതാണവരാവശ്യപ്പെട്ടത്. അതുകൊണ്ട് الله-ന്റെ ആരാധ്യൻ എന്ന അർഥമേ ഈ സന്ദർഭവുമായി യോജിക്കൂ.

ഇവ്വിഷയകമായി വളരെ പ്രസക്തമായ ചില നിവേദനങ്ങൾ ഇമാം അഹ്മദും നസാഈയും മറ്റും ഉദ്ധരിച്ചിട്ടുണ്ട്. അതിങ്ങനെ സംഗ്രഹിക്കാം: അറേബ്യയിൽ ത്വാഇഫിന്നും ഹുനൈനിന്നുമിടക്കുള്ള വഴിയിൽ പടർന്നുപന്തലിച്ച ഒരു ഇലന്ത വൃക്ഷമുണ്ടായിരുന്നു. ജാഹിലീ അറബികൾ അതിന്മേൽ തങ്ങളുടെ ഉടവാൾ തൂക്കുന്നത് ഒരു പുണ്യമായി കരുതിയിരുന്നു. ആയുധം കോർത്തിടുന്ന വൃക്ഷം എന്ന അർഥത്തിൽ ذات أنواط എന്ന പേരിലാണ് അതറിയപ്പെട്ടിരുന്നത്. വർഷത്തിലൊരു ദിവസം അവർ ഈ വൃക്ഷത്തെ പൂജിച്ച് അതിന്റെ മൂട്ടിൽ ധ്യാനമിരിക്കാറുണ്ടായിരുന്നു. ഒരിക്കൽ റസൂൽ(സ) തിരുമേനിയും ശിഷ്യന്മാരും ഹുനൈനിലേക്ക് സഞ്ചരിക്കുമ്പോൾ ഈ വൃക്ഷത്തിനരികിലൂടെ കടന്നുപോയി. അപ്പോൾ കൂടെയുണ്ടായിരുന്ന ബദവികളിൽ ചിലർ തിരുമേനിയോട് അഭ്യർഥിച്ചു: 'അവിശ്വാസികൾക്ക് ആയുധം തൂക്കി (ذات أنواط) ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ذات أنواط നിശ്ചയിച്ചുതന്നാലും.' തിരുമേനിയുടെ പ്രതികരണം ഇതായിരുന്നു: 'അല്ലാഹു അക്ബർ, എന്റെ ആത്മാവ് ആരുടെ ഹസ്തത്തിലാണോ അവനാണ, മൂസായുടെ ജനം അദ്ദേഹത്തോട് اَجْعَل لَّنَآ إِلَـٰهًا كَمَا لَهُمْ ءَالِهَةٌ എന്നു പറഞ്ഞതുപോലെ തന്നെയാണ് നിങ്ങളെന്നോട് പറഞ്ഞത്. إِنَّكُمْ قَوْمٌ تَجْهَلُونَ (നിങ്ങൾ പറയുന്നത് മഹാ വിഡ്ഢിത്തം തന്നെ) എന്നായിരുന്നു മൂസായുടെ മറുപടി. പൂർവികരുടെ വഴിയിലൊക്കെയും അവരെപ്പോലെത്തന്നെ നിങ്ങളും സഞ്ചരിക്കും. എത്രത്തോളമെന്നാൽ അവർ ഒരു ഉടുമ്പിന്റെ മടയിൽ കടന്നാൽ നിങ്ങളും അതിൽ കടക്കും.'

إِنَّكُمْ قَوْمٌ تَجْهَلُونَ എന്ന വാക്യത്തിന്റെ സാന്ദർഭികമായ അർഥമാണ് മൂലതർജമയിൽ കൊടുത്തത്. തീർച്ചയായും നിങ്ങൾ അജ്ഞരാകുന്ന/വിഡ്ഢികളാകുന്ന ജനമാകുന്നു എന്നാണ് ഭാഷാർഥം. ഈ ആവശ്യം നിങ്ങൾ മഹാവിഡ്ഢികളും അവിവേകികളുമാണെന്ന് വെളിപ്പെടുത്തുന്നു എന്നു താൽപര്യം. അതിന്റെ കാരണമാണ് ഈ വിഗ്രഹാരാധകർ നശിക്കാനുള്ളവരാണ് എന്ന വാക്യത്തിലൂടെ വെളിപ്പെടുത്തുന്നത്. എന്തുകൊണ്ടെന്നാൽ അവരുടെ ആചാരം തികഞ്ഞ മിഥ്യയാണ്. പരലോകത്ത് അവരുടെ കർമങ്ങൾ യാതൊരു സദ്ഫലവും ഉളവാക്കുകയില്ല. പ്രത്യുത ആ കർമങ്ങളുടെ പേരിൽ അവർ നിത്യനരകത്തിലകപ്പെട്ട് നശിക്കുകയേയുള്ളൂ. നാശം ഈ ലോകത്തുതന്നെ സംഭവിക്കുന്നതാണെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഭാവിയിൽ ഈ പ്രദേശങ്ങളിൽനിന്നെല്ലാം വിഗ്രഹാരാധകരും ആരാധനയും തുടച്ചുനീക്കപ്പെടുമെന്നും എല്ലാവരും ഏകദൈവവിശ്വാസികളായിത്തീരുമെന്നും പ്രവചിച്ചിരിക്കുകയാണിവിടെ എന്ന് അവർ കരുതുന്നു. അന്ത്യപ്രവാചകനു ശേഷം ദീനുൽ ഇസ്‌ലാം പ്രചരിച്ചതോടെ ആ പ്രവചനം പുലരുകയും ചെയ്തു.

**140,141:** സ്വജനത്തിന്റെ നിലപാടിൽ ആക്ഷേപവും അത്ഭുതവും പ്രകടിപ്പിച്ചുകൊണ്ടുള്ള ചോദ്യമാണിത്. നിങ്ങൾ സ്വന്തം ഇന്നലയെയും ഇന്നിനെയും തീരെ മറന്നുകൊണ്ടാണ് വിചിത്രമായ ഈ ആവശ്യമുന്നയിക്കുന്നത്. ഇന്നലെ നിങ്ങൾ ഫറവോനികളുടെ അടിമകളായിരുന്നു. അവർ നിങ്ങളുടെ ആൺകുട്ടികളെ അറുകൊല ചെയ്യുകയും സ്ത്രീകളെ മാത്രം ജീവിക്കാൻ അനുവദിച്ച് അവരെ ഭോഗവസ്തുക്കളാക്കി മാനഭംഗപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആ അടിമത്തത്തിൽനിന്നും പീഡാവസ്ഥയിൽനിന്നും അല്ലാഹുവാണ് നിങ്ങളെ രക്ഷിച്ചത്. നിങ്ങൾ മറന്നുപോയെങ്കിലും അല്ലാഹു അത് ഓർക്കുകയും നിങ്ങളെ ഓർമിപ്പിക്കുകയും ചെയ്യുന്നു. അവൻ തന്നെയാണ് ഭയങ്കരമായ ആ പരീക്ഷണത്തിൽ നിങ്ങളെ അകപ്പെടുത്തിയത്. അവനു വേണമെങ്കിൽ നിങ്ങളുടെ നെറികേടുകളുടെ പേരിൽ അത്തരം ദുരിതക്കയത്തിലേക്ക് ഇനിയും നിങ്ങളെ തള്ളിവിടാം. എന്നാൽ അവൻ മഹത്തായ ദാക്ഷിണ്യം കാണിച്ചുകൊണ്ട് അവന്റെ സന്ദേശത്തിന്റെ വാഹകരും ദൈവികസന്മാർഗത്തിന്റെ നായകരുമാക്കി നിങ്ങളെ മറ്റെല്ലാ സമുദായത്തേക്കാൾ അനുഗ്രഹിച്ചിരിക്കുകയാണ്. ഈ മഹാരക്ഷയും അമൂല്യമായ അനുഗ്രഹവുമരുളിയ അല്ലാഹുവിനെ വിട്ട് നിങ്ങൾക്കു വേണ്ടി മറ്റൊരാരാധ്യനെ കണ്ടെത്തണമെന്നാണോ പറയുന്നത്? എങ്കിൽ ഏതൊരു ദുരിതത്തിൽനിന്നാണോ നിങ്ങൾ രക്ഷപ്പെട്ടത്, ഏതൊരധഃസ്ഥിതിയിൽനിന്നാണോ വിശിഷ്ടരായി ഉയർന്നുവന്നത്, അതേ ദുരിതത്തിലേക്കും അധഃസ്ഥിതിയിലേക്കും തന്നെ മടങ്ങിപ്പോകണമെന്നാണ് അതുവഴി നിങ്ങൾ ആവശ്യപ്പെടുന്നത്.

ഫറവോൻ ഇസ്രാഈല്യരുടെ ആൺമക്കളെ കൊന്നൊടുക്കിയ സംഭവം നേരത്തേ സൂറഃ *അൽബഖറ* 49-ാം സൂക്തത്തിലും ഈ സൂറയിലെ 127-ാം സൂക്തത്തിലും വിവരിച്ചിരിക്കുന്നു. ■